1982-83-മുതൽ 1985-86 വരെയുള്ള വർഷങ്ങളിലെനീക്കിയിരുപ്പ്

*55 [55] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:
,, പി. വിജയദാസ്:
ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലിൽ:
ശ്രീ. കെ. ഇ. ഇസ്മയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷാവസാനവും സംസ്ഥാനത്തെ നീക്കിയിരിപ്പ് എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ആറാം പദ്ധതി അവസാനിച്ചപ്പോൾ സംസ്ഥാന ഗവൺമെൻറിനുണ്ടായിരുന്ന കമ്മി എത്ര;

(സി) 1986 മാർച്ച് 31 ആയപ്പോൾ പ്രസ്തുത കമ്മി കൂടുകയാണോ കുറയുകയാണോ ചെയ്തത്; എങ്കിൽ എത്ര?

(ഡി) ഏഴാം പദ്ധതിയുടെ കേന്ദ്രവിഹിതമായി 1985-86-ൽ ലഭിച്ച് സംഖ്യ എത്ര?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ: തച്ചടി പ്രഭാകരൻ):

(എ) 1982-83 കമ്മി 1.48 കോടി രൂപ
1983-84 ,, 75.24 കോടി രൂപ
1984-85 ,, 204.98 കോടി രൂപ
1985-86 മിച്ചം 168.14 കോടി രൂപ

(ബി) ആറാം പദ്ധതി അവസാനിച്ചപ്പോൾ 31-3-1985 ന് സംസ്ഥാന ഗവൺമെൻറിനുണ്ടായിരുന്ന കമ്മി 204.98 കോടി രൂപയാണ്.

(സി) 1986 മാർച്ച് 31 ന് സംസ്ഥാന ഗവൺമെൻറിന് 168.14 കോടി രൂപയുടെ മിച്ചമാണ് ഉണ്ടായിരുന്നത്.

(ഡി) 274.41 കോടി രൂപ.

ഇടമലയാർ ജലവൈദ്യുത പദ്ധതി

*56 [56] ശ്രീ. എം. ജിനദേവൻ:
,, ഒ. ഭരതൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, എം. വി. രാഘവൻ:
,, എൻ. ചന്ദ്രശേഖരകുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ജലവൈദ്യുത പദ്ധതി എന്നു കമ്മീഷൻ ചെയ്യാനായിരുന്നു ഉദ്ദേശിച്ചിരുന്നത്;

(ബി) വൈദ്യുതി ഉൽപ്പാദനം നടക്കാത്തതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടമെത്രയെന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly